പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. **366** — 13/11/2019-ൽ മറുപടിയ്ക്ക്

## പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്<br>,, എ.പി. അനിൽ കുമാർ<br>,, ഷാഫി പറമ്പിൽ<br>,, കെ.എസ്.ശബരീനാഥൻ :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 2019-20-ൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് കീഴിൽ കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ വകുപ്പ് മുഖേനയും, വിവിധ ഏജൻസികൾ വഴിയും, സ്വന്തമായും ഭവന നിർമ്മാണം ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് 1.50 ലക്ഷം രൂപവരെ നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>◆ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഒരു വെബ്സൈറ്റിലൂടെ വിതരണം ചെയ്യുവാൻ പദ്ധതി ആരംഭിച്ചു.<br>◆ പുതിയ രണ്ട് എം.ആർ.എസുകൾ (പെരിങ്ങോം, മരുതോങ്കര) ആരംഭിക്കുന്നതിന് അനുമതി നൽകി.<br>◆ പാലക്കാട് വടക്കഞ്ചേരിയിൽ പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.<br>◆ കോഴിക്കോട് ജില്ലയിലെ തൂണേരിയിൽ ഐ.റ്റി.ഐ.യ്ക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം വാങ്ങി.<br>◆ ഓരോ നിയമസഭാ മണ്ഡലത്തിലും കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഓരോ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുക്കുവാൻ നടപടി സ്വീകരിച്ചു. |

2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

- **പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം :-**

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രദേശത്ത് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും ഇതിലൂടെ സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- **ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക:-**

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ 2000 ഉദ്യോഗാർത്ഥികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. കൂടാതെ വിവിധ മത്സരപരീക്ഷകൾ പാസ്സാകുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകം പരിശീലനവും സംഘടിപ്പിക്കുന്നു.

- **കരിയർ ഗൈഡൻസ് ജോബ് ഫെയർ :**

2019-20 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

- **കേരള അക്കാഡമിക് ഫോർ സ്കിൽ എക്സലൻസുമായി (KASE)-**

ചേർന്നു കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിനു പുറത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി 1725 വിദ്യാർത്ഥികൾക്ക് വിവിധ അംഗീകൃത സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിൽ സാധ്യതയുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | ◆ **അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് :**<br>വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടിക വർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ഒരു വസ്ത്രനിർമ്മാണ ഫാക്ടറി "അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്" എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| **ബി)** | സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | **(ബി) യും** | സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |
| **(സി)** | ഇത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി നിർവ്വഹണത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | **(സി) യും** | |
| **(ഡി)** | 2018-19 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ എന്ത് വെട്ടിക്കുറവാണ് വരുത്തിയത്; ഇതുമൂലം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാതെ വന്നത്; വിശദമാക്കാമോ? | **(ഡി)** | 2018-19 സാമ്പത്തിക വർഷം പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെ വിഹിതത്തിൽ 20% വെട്ടിക്കുറവാണ് വരുത്തിയത്. വെട്ടിക്കുറവ് മൂലം വകുപ്പിന്റെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് തടസ്സം നേരിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ